**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1076** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>നീലേശ്വരം- എടത്തോട് റോഡ് നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച നീലേശ്വരം-എടത്തോട് റോഡ് നിർമ്മാണ കരാറുകാരനെ ടെർമിനേറ്റ് ചെയ്യാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രീ. മൊയ്തീൻ കുട്ടി ഹാജി എന്ന കരാറുകാരന് 08.03.2019 ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് പ്രവൃത്തി ആരംഭിച്ചുവെങ്കിലും ആകെ 12.77 കി.മീ നീളമുള്ള റോഡിൽ നിലവിൽ 8.36 കി.മീ നീളത്തിൽ DBM പ്രവൃത്തി മാത്രമാണ് പൂർത്തീകരിക്കുകയുണ്ടായത്. കരാറുകാരന് പലതവണ നോട്ടീസ് നൽകിയിട്ടും പ്രവൃത്തിയുടെ നിർവഹണത്തിൽ കാര്യമായ പുരോഗതി ഇല്ലാത്തതിനാൽ ടിയാനെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കു കയുണ്ടായി. ലാൻഡ് അക്വിസിഷൻ ഉൾപ്പെടെ പൂർത്തിയായ നീലേശ്വരം ടൗൺ ഉൾപ്പെടുന്ന 1.5 km ഭാഗവും ബാക്കി വരുന്ന 2.916 km ഭാഗവും നിലവിൽ ഗതാഗത യോഗ്യമല്ല.

**(ബി)** പ്രസ്തുത റോഡിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രീ. മൊയ്തീൻ കുട്ടി ഹാജി എന്ന കരാറുകാരന് 08.03.2019 ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് പ്രവൃത്തി ആരംഭിച്ചുവെങ്കിലും ആകെ 12.77 കി.മീ നീളമുള്ള റോഡിൽ നിലവിൽ 8.36 കി.മീ നീളത്തിൽ DBM പ്രവൃത്തി മാത്രമാണ് പൂർത്തീകരിക്കുകയുണ്ടായത്. കരാറുകാരന് പലതവണ നോട്ടീസ് നൽകിയിട്ടും പ്രവൃത്തിയുടെ നിർവഹണത്തിൽ കാര്യമായ പുരോഗതി ഇല്ലാത്തതിനാൽ ടിയാനെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കു കയുണ്ടായി. ലാൻഡ് അക്വിസിഷൻ ഉൾപ്പെടെ പൂർത്തിയായ നീലേശ്വരം ടൗൺ ഉൾപ്പെടുന്ന 1.5 km ഭാഗവും ബാക്കി വരുന്ന 2.916 km ഭാഗവും നിലവിൽ ഗതാഗത യോഗ്യമല്ല.

**(സി)** ടെർമിനേറ്റ് ചെയ്ത സാഹചര്യത്തിൽ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിൽ ആണെന്ന് പറയാമോ;

**<u>മറുപടി:</u>** പ്രസ്തുത പദ്ധതിയുടെ ബാലൻസ് പ്രവൃത്തി ക്രമീകരിക്കുന്നതിലേക്കായി കിഫ്ബിയിൽ നിന്നും 58.93 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും, 34.15 കോടി രൂപ യുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത ബാലൻസ് പ്രവൃത്തി 02.03.2026 തീയതിയിൽ ടെൻഡർ ചെയ്തു. ടെൻഡറിൽ ഒരു ബിഡർ മാത്രമേ പങ്കെടുത്തിരുന്നുള്ളൂ എന്നതിനാൽ 21.05.2026

തീയതിയിൽ റീടെൻഡർ ചെയ്യുകയും ടെക്നിക്കൽ ബിഡ് 05.06.2026 ന് തുറക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയുടെ ഫിനാൻഷ്യൽ ബിഡ് തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ഡി)** ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എപ്പോൾ പ്രവൃത്തി പുനരാരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**മറുപടി:** ഫിനാൻഷ്യൽ ബിഡ് തുറന്ന് ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരവും കിഫ്ബിയുടെ നടപടി ക്രമങ്ങൾ പ്രകാരമുള്ള അംഗീകാരവും ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**